I.T.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം - 601 — 22.07.2008 ൽ മറുപടിയ്ക്ക്

**റേഷൻകടകളിലൂടെ ആട്ട വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>ശ്രീ. ബി. രാഘവൻ<br>ശ്രീ. കെ. സി. കുഞ്ഞിരാമൻ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. ടി. പി. കുഞ്ഞുണ്ണി | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി ) |
| (എ) റേഷൻ കടകളിലൂടെ ആട്ട വിതരണം ചെയ്യുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിലെ റേഷൻ കാർഡുടമകൾക്ക് 11.50 രൂപ നിരക്കിലും മറ്റു ജില്ലകളിലെ കാർഡുടമകൾക്ക് 11 രൂപ നിരക്കിലും പ്രതിമാസം 1 കിലോ ഗ്രാം ഫോർട്ടിഫൈഡ് ആട്ട വീതം സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലൂടെയും വിതരണം ചെയ്യുവാൻ വേണ്ട നടപടികൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതി ആരംഭിച്ചത് എന്നാണ് ; | (ബി) 2006 സെപ്റ്റംബർ മാസം മുതലാണ് ഈ പദ്ധതി ആരംഭിച്ചത്. 2007 ജൂൺ മാസം മുതൽ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും ബാധകമാക്കിയിട്ടുണ്ട് |
| (സി) ഇതിനാവശ്യമായ ഗോതമ്പ് ലഭ്യമാക്കുന്നത് എങ്ങനെയാണ് ; | (സി) സംസ്ഥാനത്തെ റേഷൻ വിഹിതമായി അനുവദിക്കുന്ന ഗോതമ്പിന്റെ ഒരു ഭാഗമാണ് ഫോർട്ടിഫൈഡ് ആട്ടയാക്കി റേഷൻ കടകളിലൂടെ വിതരണം നടത്തുന്നത്. |
| (ഡി) ആട്ടയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ഡി) ഉണ്ട്. ഫോർട്ടിഫൈഡ് ആട്ട ഉല്പാദിപ്പിക്കുന്ന മില്ലുകളിലും വിതരണം ചെയ്യുന്ന സപ്ലൈകോ ഡിപ്പോകളിലും ആട്ടയുടെ സാമ്പിളുകൾ ലാബ് പരിശോധന നടത്തി ഗുണ നിലവാരം ഉറപ്പ് വരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) റേഷൻ കടകളിലൂടെ ആവശ്യാനുസരണം സപ്ലൈകോയുടെ ആട്ട വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ? | (ഇ) ഉപഭോക്താക്കളുടെ ആവശ്യം കണക്കിലെടുത്ത് റേഷൻ കടകളിലൂടെ കൂടുതൽ ആട്ട വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 602, 22/7/08 ൽ മറുപടിക്ക്

റിട്ടയർമെന്റ് പ്രായം ഉയർത്താൻ നടപടി

ചോദ്യം | ഉത്തരം

ശ്രീ. എം. ഉമ്മർ
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി

ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

| | | |
|---|---|---|
| (എ) | കേന്ദ്രത്തിലും മറ്റു സംസ്ഥാനങ്ങളിലും സർക്കാർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുന്ന പ്രായം എത്രയെന്ന് അന്വേഷിച്ചിട്ടുണ്ടോ ; | ഉണ്ട്. |
| (ബി) | ഏറ്റവും കുറഞ്ഞ റിട്ടയർമെന്റു പ്രായം എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ ; | കേരളത്തിലും ജമ്മു കാശ്മീരിലും (55 വയസ്സ്). |
| (സി) | ഇതു പരിഗണിച്ച് സംസ്ഥാന സർവ്വീസിൽ റിട്ടയർമെന്റ് പ്രായം വർദ്ധിപ്പിക്കുന്നതിന് ആലോചനയുണ്ടോ ; | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | റിട്ടയർമെന്റ് പ്രായം വർദ്ധിപ്പിക്കുന്നതിന് എതിരായി അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളത് ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | പ്രസക്തമല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 603

22. 07. 2008-ൽ മറുപടിയ്ക്ക്

## ചെറുകിട മത്സ്യബന്ധന തുറമുഖങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.പ്രദീപ് കുമാർ<br>ശ്രീ. സി.എച്ച്.കുഞ്ഞമ്പു<br>ശ്രീ. കെ.വി.കുഞ്ഞിരാമൻ<br>ശ്രീ. പി.വിശ്വൻ<br>ശ്രീ. സി.എം. ദിനേശ് മണി. | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| **എ)മത്സ്യ മേഖലയിൽ** കുടുതൽ ചെറുകിട മത്സ്യബന്ധന തുറമുഖങ്ങൾ ആരംഭി ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശ ദാംശം വെളിപ്പെടുത്തുമോ; | എ) ഉണ്ട്. മഞ്ചേശ്വരം, കാസർഗോഡ്, ചെറുവത്തൂർ , വെള്ളയിൽ,പരപ്പനങ്ങാടി,താനൂർ,ചേറ്റുവ , ചെല്ലാനം,അർത്തുങ്കൽ, ചെത്തി,ചിലക്കൂർ,വലിയതുറ, എന്നിവിടങ്ങളിൽ മത്സ്യബന്ധന തുറമുഖങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു. ഇതിൽ കാസർഗോഡ്,ചെറുവത്തൂർ , ചേറ്റുവ എന്നീ മത്സ്യബന്ധനതുറമുഖ പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്.മറ്റുള്ളവയുടെ അന്വേഷണ ഗവേഷണങ്ങൾ പുരോഗമിക്കുന്നു. വിഴിഞ്ഞം,മുതലപ്പൊഴി, തോട്ടപ്പള്ളി, പൊന്നാനി , കൊയിലാണ്ടി,തലായി, അർത്തുങ്കൽ (ഒന്നാം ഘട്ടം), ചെത്തി (ഒന്നാം ഘട്ടം),ചെല്ലാനം (ഒന്നാം ഘട്ടം) എന്നിവയാണ് ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന മത്സ്യബന്ധനതുറമുഖങ്ങൾ. വിഴിഞ്ഞം, മുതലപ്പൊഴി എന്നിവയുടെ പണി ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവയുടെ പണി പുരോഗമിക്കുന്നു. |
| ബി) ഇതുമൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; | ബി) മത്സ്യോല്പാദനം വർദ്ധിക്കുന്നു. മത്സ്യ വിപണനം ത്വരിതപ്പെടുന്നു മത്സ്യത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുന്നു. മത്സ്യബന്ധന യാനങ്ങൾക്ക് സുരക്ഷിതമായി കരയ്ക്കടുക്കാൻ സാധിക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാകുന്നു. മത്സ്യബന്ധനത്തിനുള്ള ചെലവ് കുറയുന്നു. ആയതിനാൽ വരുമാനം വർദ്ധിക്കുന്നു. |
| **സി) കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ള ചെറുകിട തുറമുഖ പദ്ധതികൾ ഏതെല്ലാമാണ് ?** | സി)കാസർഗോഡ്,ചെറുവത്തൂർ, ചേറ്റുവ എന്നീ പദ്ധതികളാണ് ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളത്. |
| **ഡി) ഏതെല്ലാം ചെറുകിട തുറമുഖ പദ്ധതികളുടെ പണിയാണ് ഇപ്പോൾ നടക്കുന്നതെന്ന് അറിയിക്കുമോ?** | ഡി) വിഴിഞ്ഞം, മുതലപ്പൊഴി, തോട്ടപ്പള്ളി, പൊന്നാനി , കൊയിലാണ്ടി,തലായി, അർത്തുങ്കൽ (ഒന്നാം ഘട്ടം), ചെത്തി (ഒന്നാം ഘട്ടം),ചെല്ലാനം (ഒന്നാംഘട്ടം) എന്നിവയാണ് ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന മത്സ്യബന്ധനതുറമുഖങ്ങൾ. വിഴിഞ്ഞം, മുതലപ്പൊഴി എന്നിവയുടെ പണി ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവയുടെ പണി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം - 604 | 22.07.2008 ൽ മറുപടിയ്ക്ക്.

<u>പീപ്പിൾസ് ബസാറുകളുടെ പ്രവർത്തനം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീമതി. കെ. ടി. ജലീൽ<br>ശ്രീ വി. എൻ. വാസവൻ<br>ശ്രീ. പി. ടി. എ. റഹീം | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി ) |
| (എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആരംഭിച്ചിട്ടുള്ള പീപ്പിൾസ് ബസ്സാറുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഈ ബസ്സാറുകളുടെ പ്രത്യേകതകൾ എന്തെല്ലാമാണ് ; ഇപ്പോൾ എത്ര പീപ്പിൾസ് ബസ്സാറുകൾ പ്രവർത്തിക്കുന്നു ; | (ബി) സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ ലഭ്യമല്ലാത്ത പച്ചക്കറി, മാംസം ഉൾപ്പെടെയുള്ള മിൽമ ഉല്പന്നങ്ങൾ എന്നിവ പീപ്പിൾസ് ബസാർ വഴി വിതരണം നടത്തുന്നുണ്ട്. മൂന്ന് പീപ്പിൾസ് ബസാറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) ഇവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ ; | (സി) ഉണ്ട്. 7 പീപ്പിൾസ് ബസാറുകൾ കൂടി തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. |
| (ഡി) ഓണക്കാലം മുന്നിൽ കണ്ട് ബസ്സാറിലേക്ക് ആവശ്യമായ സാധനങ്ങളുടെ ശേഖരണത്തിനും പച്ചക്കറി പോലെയുള്ള സാധനങ്ങൾ കൂടുതൽ ലഭ്യമാക്കുന്നതിനുള്ള കരാറുകൾ ഉണ്ടാക്കുന്നതിനും നടപടി സ്വീകരിക്കുമോ ; | (ഡി) ആവശ്യമായ സാധനങ്ങളുടെ ശേഖരണത്തിനും <u>പച്ചക്കറിപോലുള്ള</u> സാധനങ്ങൾ കൂടുതൽ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. |
| (ഇ) എല്ലാ ജില്ലകളിലും പുതുതായി പീപ്പിൾസ് ബസാറുകൾ ആരംഭിക്കുമോ ? | (ഇ) ഈ സാമ്പത്തിക വർഷം 7 ജില്ലകളിൽ കൂടി പീപ്പിൾസ് ബസാറുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ-- എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.605 . 22.7.2008- ൽ മറുപടിയ്ക്ക്

മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി പ്രത്യേക പദ്ധതികൾ

ചോദ്യം

ശ്രീ. പി.പി.അബ്ദുള്ളക്കുട്ടി :

ശ്രീ.കെ.വി.അബ്ദുൾ ഖാദർ:

ശ്രീ.എം.കെ.പുരുഷോത്തമൻ :

മറുപടി

ശ്രീ. എസ്. ശർമ്മ

(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്.<br>1. മത്സ്യമേഖലയിലെ വിദ്യാർത്ഥികൾക്കായി സ്പോർട്സ് സ്കൂൾ, സെൻറർ ഫോർ എക്സലൻസ് , മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവ തുടങ്ങുന്നതു സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിലെ വിദഗ്ദ്ധരെ ചുമതലപ്പെടുത്തി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>2. പട്ടിക ജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനവും, പി. എസ്.സി., യു.പി.എസ്.സി. മത്സര പരീക്ഷകൾക്കുള്ള പരിശീലനവും നടത്തുന്ന സെൻററുകളിൽ ഫിഷറീസ് വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്താൻ തീരുമാനമായിട്ടുണ്ട്. |
| (ബി) എന്തെല്ലാം വിദ്യാഭ്യാസാനുകൂല്യങ്ങളാണ് മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് നൽകുന്നത് ; | (ബി)<br>1. പ്രീ പ്രൈമറിതലം മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലംപ്സം ഗ്രാൻറ് നൽകുന്നു.<br>2. പോസ്റ്റ് മെട്രിക് തലം മുതൽ പഠിക്കുന്ന കുട്ടികൾക്ക് ലംപ്സം ഗ്രാൻറ്, പ്രതിമാസ സ്റ്റൈപ്പൻറ്, ഫീസ് എന്നിവ നൽകുന്നു. |

| | |
|---|---|
| | 3. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് ലംപ്സം ഗ്രാന്റ്, മെസ്സ് അലവൻസ്, പോക്കറ്റ് മണി, ഫീസ് എന്നിവ നൽകി വരുന്നു.<br>4. സംസ്ഥാനത്തെ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സൗജന്യതാമസവും, സൗജന്യ ഭക്ഷണവും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. |
| (സി) ഈ മേഖലയിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ് ; | (സി) ഫിഷറീസ് മേഖലയിലെ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഒഴിവാക്കുന്നതിന് ആവശ്യമായ സാദ്ധ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) കുട്ടികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നുണ്ട്. 2007-08 അദ്ധ്യയന വർഷത്തെ മുഴുവൻ തുകയും വിതരണം ചെയ്ത് കഴിഞ്ഞിട്ടുണ്ട്. 2007-08 -ൽ കുടിശ്ശിക തീർക്കുന്നതിന് സർക്കാർ 450 ലക്ഷം രൂപ അധികമായി അനുവദിച്ചുനൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 606 | 22-7-2008ൽ മറുപടിക്ക്

## റാസ് അൽ ഖൈമയിൽ അറസ്റ്റിലായ തൊഴിലാളികളെ തിരികെ കൊണ്ടുവരാൻ നടപടി

**ചോദ്യം**

ശ്രീ. ജി. കാർത്തികേയൻ

ശ്രീ. എൻ. ശക്തൻ

(എ) യു.എ.ഇ.യിലെ റാസ് അൽ ഖൈമയിൽ 2,300-ഓളം ഇന്ത്യൻ തൊഴിലാളികളെ അറസ്റ്റ് ചെയ്ത് രഹസ്യ താവളത്തിൽ ആക്കിയിട്ടുണ്ടെന്ന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഇവരിൽ എത്ര മലയാളികൾ ഉണ്ട് ;

(സി) കുറ്റക്കാരല്ലാത്ത കേരളത്തിൽ നിന്നുള്ള തൊഴിലാളികളെ രക്ഷപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

ശ്രീ. വി.എസ്. അച്യുതാനന്ദൻ

(മുഖ്യമന്ത്രി)

(എ) ഇതുസംബന്ധിച്ച പത്രറിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)യും (സി)യും. തടവിലാക്കപ്പെട്ടവരിൽ എത്ര കേരളീയരുണ്ടെന്ന് അറിയിക്കണമെന്നും, അവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ദുബായിലെ ഇന്ത്യൻ കോൺസുലേറ്റിനോടും, അബുദാബിയിലെ ഇന്ത്യൻ എംബസിയോടും അഭ്യർത്ഥിച്ചിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ : 607.**

22..7..2008-ൽ മറുപടിക്ക്

**"മിൽമയുടെ പാൽ സംസ്കരണവും വിതരണവും"**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. അബ്ദുറബ്ബ് എം.എൽ.എ.<br>ശ്രീ. സി.ടി. അഹമ്മദ് അലി എം.എൽ.എ. | ശ്രീ. സി. ദിവാകരൻ.<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് മിൽമയുടെ പാൽ സംസ്കരണവും വിതരണവും നടത്തുന്ന എത്ര കേന്ദ്രങ്ങൾ ഉണ്ട്; എവിടെയെല്ലാം; | (എ) മിൽമയുടെ പാൽ സംസ്ക്കരണവും വിതരണവും നടത്തുന്ന 12 കേന്ദ്രങ്ങൾ ഉണ്ട്.<br>1. തിരുവനന്തപുരം.<br>2. കൊല്ലം.<br>3. ആലപ്പുഴ<br>4. പത്തനംതിട്ട (വിതരണം മാത്രം) ഡയറി പ്ലാൻറ് നിർമ്മാണത്തിലാണ്.<br>5. കോട്ടയം.<br>6. കട്ടപ്പന (ഇടുക്കി)<br>7. എറണാകുളം<br>8. തൃശ്ശൂർ<br>9. പാലക്കാട്<br>10. കോഴിക്കോട്<br>11. കണ്ണൂർ<br>12. കാസർഗോഡ് (കാഞ്ഞങ്ങാട്) |
| (ബി) മിൽമയുടെ പ്രസ്തുത കേന്ദ്രം പ്രവർത്തിക്കാത്ത ഏതെങ്കിലും ജില്ല സംസ്ഥാനത്തുണ്ടോ; | (ബി) ഉണ്ട്. വയനാടും മലപ്പുറവും. വയനാട് ഡയറി പ്ലാൻറ് 2008 സെപ്റ്റംബറിലും മലപ്പുറത്ത് വിപണന കേന്ദ്രം 2008-09 സാമ്പത്തിക വർഷവും പ്രവർത്തനക്ഷമമാകും. |

(സി) മിൽമ കർഷകരിൽ നിന്നും അവരുടെ സംഘങ്ങളിൽ നിന്നും പാൽ സംഭരിക്കുന്നതിന് പുറമേ സ്വന്തമായി മാടുകളെ വളർത്തി പാൽ സംഭരിക്കുന്നുണ്ടോ;

(സി) ഇല്ല.

(ഡി) ഇല്ലെങ്കിൽ സംസ്ഥാനത്തെ പ്രത്യേക സൗകര്യങ്ങൾ ഉപയോഗിച്ച് മിൽമാ പ്ലാൻറുകൾ ഉള്ള എല്ലാ ജില്ലകളിലും മാടുകളെ വളർത്തി പാൽ സംഭരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) ഇതു സംബന്ധിച്ച നിർദ്ദേശത്തിന്മേൽ മിൽമ ചർച്ച തുടങ്ങിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 608 — 22/07/2008 - ൽ മറുപടിക്ക്

**അവശ്യസാധന നിയന്ത്രണം സംബന്ധിച്ച് നിയമ നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ :<br>ശ്രീ. പി. ജയരാജൻ :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീമതി. കെ.കെ. ലതിക :<br>ശ്രീ. അൽഫോൺസ് കണ്ണന്താനം : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) കരിഞ്ചന്തയും പൂഴ്ത്തിവെയ്പും തടയുന്നതിനുള്ള അവശ്യസാധന നിയന്ത്രണ നിയമത്തിൽ കേന്ദ്രം ഭേദഗതി വരുത്തിയതോടെ ഈ നിയമം കരിഞ്ചന്ത തടയുന്നതിന് പര്യാപ്തമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഭേദഗതി പിൻവലിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോ ; | (എ) കരിഞ്ചന്തയും പൂഴ്ത്തിവെയ്പും തടയുന്നതിനുള്ള അവശ്യസാധന നിയന്ത്രണ നിയമം 2002 - ൽ കേന്ദ്രം ഭേദഗതി വരുത്തിയതോടെ ഈ നിയമം കരിഞ്ചന്ത തടയുന്നതിന് പര്യാപ്തമല്ലെന്ന കാര്യവും അത് പുന:പരിശോധിക്കണമെന്ന കാര്യവും കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| ബി) കുത്തക സ്ഥാപനങ്ങൾ അവശ്യസാധനങ്ങൾ സംഭരിച്ച് അവരുടെ ഗോഡൗണുകളിൽ സൂക്ഷിച്ച് കൃത്രിമ ക്ഷാമമുണ്ടാക്കുന്നത് തടയാൻ സംസ്ഥാനത്ത് എന്തെങ്കിലും നിയമം നിലവിലുണ്ടോ ; | (ബി) അരി, ഗോതമ്പ്, പയറുവർഗ്ഗങ്ങൾ, ഭക്ഷ്യ എണ്ണ, ഭക്ഷ്യ എണ്ണക്കുരുക്കൾ തുടങ്ങിയ സാധനങ്ങൾ കൈകാര്യം ചെയ്യുന്ന വ്യാപാരികൾക്ക് സംസ്ഥാനത്ത് ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇവയ്ക്ക് സ്റ്റോക്ക് പരിധിയും നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. അവശ്യസാധനങ്ങളുടെ സ്റ്റോക്കും വിലനിലവാരവും പ്രദർശിപ്പിക്കണമെന്ന നിയമം കർശനമായി നടപ്പാക്കി വരുന്നു. |
| സി) അവശ്യസാധന നിയന്ത്രണം സംബന്ധിച്ച് നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനുള്ള നടപടികൾ എത്രത്തോളമായിട്ടുണ്ടെന്ന് അറിയിക്കുമോ ? | (സി) ഉദ്ദേശിക്കുന്നുണ്ട്. അവശ്യസാധന നിയന്ത്രണം സംബന്ധിച്ച് കേരളസർക്കാർ ഉദ്ദേശിക്കുന്ന നിയമ ഭേദഗതി കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുമതിയ്ക്കായി അയച്ചുകൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 609 22/7/2008-ൽ മറുപടിക്ക്

പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.എസ്.രാജേന്ദ്രൻ | | ശ്രീ.സി.ദിവാകരൻ(ബഹു:ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) | |
| എ) | കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; | എ) | 1.സപ്പോർട്ട് റ്റു ട്രെയിനിംഗ് ആന്റ് എംപ്ളോയ്മെന്റ് പ്രോഗ്രാം(സ്റ്റെപ്പ്-2003)<br>2.സപ്പോർട്ട് റ്റു ട്രെയിനിംഗ് ആന്റ് എംപ്ളോയ്മെന്റ് പ്രോഗ്രാം(സ്റ്റെപ്പ്-2005)<br>3.സ്വർണ്ണ ജയന്തി ഗ്രാം സ്വറോസ്ഗാർ യോജന(എസ്.ജി.എസ്.വൈ)<br>4.രാഷ്ട്രീയ സ്വം വികാസ് യോജന(ആർ.എസ്.വി.വൈ)<br>5.കോഴി വളർത്തൽ ഗ്രാമം പദ്ധതി(പൗൾട്രി വില്ലേജ്) എന്നീ അഞ്ച് പദ്ധതികളാണ് കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ നടപ്പാക്കുന്നത് |
| ബി) | പുതുതായി ഈ വർഷം ഏതെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ; | ബി) | ഈ വർഷം പുതുതായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>ഒരു താറാവ് വളർത്തൽ കേന്ദ്രം,തൃശ്ശൂർ ജില്ലയിലെ മാളയിൽ ഒരു മുട്ടക്കോഴി വളർത്തൽ യൂണിറ്റ്, ആർ.കെ.വി.വൈ പദ്ധതി പ്രകാരം വിവിധ ജില്ലകളിൽ കോഴി വളർത്തൽ യൂണിറ്റുകൾ |
| സി) | ഈ വർഷം എത്ര കോഴിക്കുങ്ങുങ്ങളെ വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | സി) | ഈ വർഷം 12 ലക്ഷത്തോളം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

| | | | |
|---|---|---|---|
| ഡി) | അടുക്കളമുറ്റത്തെ കോഴിവളർത്തലിനായി കോർപ്പറേഷൻ നൽകുന്ന പ്രോത്സാഹനങ്ങൾ എന്തെല്ലാമാണ്; | ഡി) | അടുക്കള മുറ്റത്തെ കോഴിവളർത്തലിനായി കോർപ്പറേഷൻ മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കി വരുന്നതിനുപരിയായി മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടു കൂടി ഗ്രാമപഞ്ചായത്തുകൾ വഴിയും മുട്ടക്കോഴികൾ വിതരണം ചെയ്യുന്നുണ്ട്. |
| ഇ) | കോർപ്പറേഷന്റെ കീഴിൽ എത്ര കോഴിവളർത്തൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ? | ഇ) | കോർപ്പറേഷന്റെ കീഴിൽ നിലവിൽ മൂന്നു ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്.<br>എ)തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന്<br>ബി)തിരുവനന്തപുരം ജില്ലയിലെ പേട്ട<br>സി) കൊല്ലം ജില്ലയിലെ കൊട്ടിയം |

[signature]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 610

22/07/2008 - ൽ മറുപടിക്ക്

## നെൽപാടങ്ങൾക്ക് സമീപം ഗോഡൗണുകൾ സ്ഥാപിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. സദാശിവൻ :<br>ശ്രീ. വി.എൻ. വാസവൻ :<br>ശ്രീ. എം. ആരിഫ് :<br>ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. വി. ശശികുമാർ : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) നെൽപാടങ്ങൾക്ക് സമീപം നെല്ല് സംഭരിക്കുന്നതിന് ഗോഡൗണുകൾ ഇല്ലാത്തതുമൂലം മഴക്കാലത്ത് നെല്ല് നശിച്ച് കൃഷിക്കാർക്ക് ഭീമമായ നഷ്ടം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) കേരള സ്റ്റേറ്റ് സിവിൽ സപ്ളൈസ് കോർപ്പറേഷൻ നടപ്പിലാക്കുന്ന കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ല് സംഭരണ സംസ്ക്കരണ വിപണന പദ്ധതി പ്രകാരം നെൽ കർഷകർ മുൻ നിശ്ചയിച്ചിട്ടുള്ള സംഭരണ കേന്ദ്രങ്ങളിലെത്തിക്കുന്ന നെല്ലാണ് കേരള സ്റ്റേറ്റ് സിവിൽ സപ്ളൈസ് കോർപ്പറേഷൻ സംഭരിക്കുന്നത്. കുറഞ്ഞത് ഒരു ലോഡ് നെല്ലെങ്കിലും ലഭ്യമായിട്ടുള്ളതും ലോറി എത്തുന്നതിന് സൗകര്യമുള്ളതുമായ സ്ഥാനങ്ങളാണ് സംഭരണ കേന്ദ്രങ്ങളായി നിശ്ചയിച്ചിട്ടുള്ളത് . ഇപ്രകാരം ഓരോ വിളയിലും കർഷകർ സംഭരണ കേന്ദ്രങ്ങളിലെത്തിച്ചിട്ടുള്ള മുഴുവൻ നെല്ലും സിവിൽ സപ്ളൈസ് കോർപ്പറേഷൻ സംഭരിച്ചിട്ടുണ്ട്. കഴിഞ്ഞ വേനൽ മഴയിൽ കർഷകർ കൊയ്തെടുത്ത കുറച്ച് നെല്ല് കിളിർത്ത് പോയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഇതു പരിഹരിക്കുന്നതിന് കൃഷിയിടങ്ങളിൽ തന്നെ ഗോഡൗണുകൾ ഉണ്ടാക്കുന്നതിനുള്ള പ്രോജക്റ്റ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; | (ബി) | കർഷകർ കൊയ്ത നെല്ല് നശിച്ചു പോകാതെ വേഗത്തിൽ ഉണക്കിയെടുക്കുന്നതിനായി " പോസ്റ്റ് ഹാർവെസ്റ്റ് ഹാന്റ്ലിംഗ് ഓഫ് പാഡി " എന്ന പദ്ധതി നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി അയച്ചിട്ടുണ്ട്. |
| സി) | കൃഷിയിടങ്ങളിൽ ഉയർന്ന പ്ലാറ്റ് ഫോമോടു കൂടിയ മേൽക്കൂരയുള്ള സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (സി) | സിവിൽ സപ്ലൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ പദ്ധതിയില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാംകേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 611 22/07/2008 ൽ മറുപടിയ്ക്ക്

## ഐ.ടി.രംഗത്ത് വിദഗ്ദ്ധരായ പ്രൊഫഷണലുകളുടെ ലഭ്യത

| ചോദ്യം | : | മറുപടി |
|---|---|---|
| ശ്രീ.ബാബു. എം. പാലിശ്ശേരി<br>ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീ. എം.ഹംസ<br>ശ്രീ. അൽഫോൺസ് കണ്ണന്താനം | | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഐ.ടി. രംഗത്ത് പ്രതീക്ഷിക്കുന്ന വികസനത്തിന് അനുസരിച്ച് ആവശ്യമായ വിദഗ്ദ്ധരായ പ്രൊഫഷണലുകളുടെ ലഭ്യത ഉറപ്പുവരുത്താൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; | : | (എ) ഐ.ടി രംഗത്തെ വികസനത്തിന് അനുസരിച്ച് ആവശ്യമായ വിദഗ്ദ്ധരായ പ്രൊഫഷണലുകളുടെ ലഭ്യതക്കായി സർക്കാർ ആഭിമുഖ്യത്തിൽ ഒരു മോഡൽ ഫിനിഷിംഗ് സ്കൂളിന്റെ പ്രവർത്തനം തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ യുവാക്കളുടെയും യുവതികളുടെയും കോളേജ് വിദ്യാർത്ഥി വിദ്യാർത്ഥിനികളുടേയും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് ഒരു വിപുലമായ മാനവ ശേഷി വികസന പരിപാടി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി കോളേജ് വിദ്യാർത്ഥി വിദ്യാർത്ഥിനികളെയും, കോളേജിൽ നിന്നും പാസ്സായവരേയും പരിശീലിപ്പിക്കാൻ ലക്ഷ്യം ഉണ്ട്. ഐ.ടി. വകുപ്പിന്റെ ഈ പരിപാടിയിലെ ഈ പദ്ധതിയുമായി സഹകരിയ്ക്കാൻ |
| | : | |

ഉന്നത വിദ്യാഭ്യാസ വകുപ്പിനോടും, സാമൂഹ്യ ക്ഷേമ വകുപ്പിനോടും ,പിന്നോക്ക വിഭാഗ വകുപ്പിനോടും, തൊഴിൽ വകുപ്പിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കമ്പ്യൂട്ടർ പഠന രംഗത്ത് പ്രത്യേക ആസൂത്രണം നടത്താൻ ഐ.ടി വകുപ്പ് നടപടി സ്വീകരിക്കുമോ ;

(ബി) സ്വീകരിച്ചിട്ടുണ്ട്

(സി) ഐ.ടി. മേഖലയിൽ കേരളത്തിൽ എത്ര പേർ ജോലി ചെയ്യുന്നു ?

(സി) ഐ.ടി. രംഗത്ത് പല പദ്ധതികൾ സ്വകാര്യ സംരംഭങ്ങളായതുകൊണ്ട് വ്യക്തമായ കണക്ക് എടുക്കാൻ സാദ്ധ്യമല്ല. എങ്കിലും ഐ.ടി. മേഖലയിൽ ടെക്നോപാർക്കിലും ഇൻഫോപാർക്കിലുമുള്ള വിവിധ കമ്പനികളിലായി 22517 പേർക്ക് പ്രത്യക്ഷമായും ഏകദേശം അതിന്റെ മൂന്നിരട്ടിയോളം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിച്ചതായി കണക്കാക്കുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നം. 612 | 22-07-2008-ൽ<br>മറുപടിയ്ക്ക്. |

### ജനസംഖ്യാ സെൻസസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :<br>,, എം. ഉമ്മർ. | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അവസാനമായി സെൻസസ് നടന്നത് എന്നായിരുന്നു; | (എ) | 2001-ൽ |
| (ബി) | സെൻസസിൽ ജാതി, മതം എന്നിവ രേഖപ്പെടുത്തിയിരുന്നോ; | (ബി) | 2001 ൽ നടന്ന സെൻസസിൽ എല്ലാവരുടേയും മതം രേഖപ്പെടുത്തിയിരുന്നു. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗകാരുടെ മാത്രമേ ജാതി രേഖപ്പെടുത്തിയിരുന്നുള്ളു. |
| (സി) | ഇല്ലെങ്കിൽ അടുത്ത സെൻസസിൽ ഇവ ചേർക്കുന്നതിന് തീരുമാനിക്കുമോ; | (സി) & (ഡി) | സെൻസസ് ഷെഡ്യൂളിൽ പുതിയതായി എന്തെങ്കിലും വിവരം ഉൾപ്പെടുത്തുന്നത് സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന കാര്യമല്ല. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശമനുസരിച്ചാണ് സെൻസസ് രജിസ്ട്രാർ ജനറൽ സെൻസസ് ഷെഡ്യൂളിൽ പുതുതായി എന്തെങ്കിലും കാര്യങ്ങൾ ചേർക്കുന്നത് |
| ഡി) | മറ്റേതെങ്കിലും വിവരങ്ങൾ കൂടുതലായി ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | | |
| ഇ) | അടുത്ത സെൻസസ് എപ്പോഴായിരിക്കുമെന്നു വെളിപ്പെടുത്തുമോ? | (ഇ) | പത്തുവർഷത്തിലൊരിക്കൽ നടത്തപ്പെടുന്ന, അടുത്ത സെൻസസ് 2011 ലായിരിക്കും. |

---

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 613 22/7/2008-ൽ മറുപടിക്ക്

## കേരള ഫീഡ്സിന്റെ ഉല്പാദനം വർദ്ധിപ്പിക്കാനായി നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.രാജു എബ്രഹാം | ശ്രീ.സി.ദിവാകരൻ(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) കേരള ഫീഡ്സിന്റെ ഉല്പാദനം വർദ്ധിപ്പിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) കേരള ഫീഡ്സിന്റെ സ്ഥാപിത ഉല്പാദനശേഷി പ്രതിദിനം 500 ടൺ ആയിരുന്നത് പ്രതിദിനം 650 ടൺ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. തെക്കൻ കേരളത്തിലെ വർദ്ധിച്ചുവരുന്ന ആവശ്യകത കണക്കിലെടുത്ത്, കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ പ്രതിദിനം 300 ടൺ സ്ഥാപിതശേഷിയുള്ള ഒരു പുതിയ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| ബി) കേരള ഫീഡ്സിന്റെ പുതിയ യൂണിറ്റുകൾ എവിടെയെല്ലാം ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; | ബി) കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ പ്രതിദിനം 300 ടൺ ഉല്പാദന ശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും,മലപ്പുറം ജില്ലയിലെ ആതവനാട് പ്രതിദിനം 4 ടൺ ഉല്പാദന ശേഷിയുള്ള ഒരു ധാതുലവണ മിശ്രിതപ്ലാന്റും കേരള ഫീഡ്സിന്റെ അനുബന്ധ സ്ഥാപനങ്ങളായി സ്ഥാപിക്കുന്നതിനുള്ള നടപടികളും പാലക്കാട് ജില്ലയിലെ മുതലമടയിൽ പ്രതിദിനം 50 ടൺ ഉല്പാദന ശേഷിയുള്ള ഒരു സംമ്പുഷ്ടീകരിച്ച വൈക്കോൽക്കട്ട (Densified Fodder Block) നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| സി) | ഇവയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ; | സി) | കരുനാഗപ്പള്ളിയിലെ കാലിത്തീറ്റ നിർമ്മാണഫാക്ടറി സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികൾ നടന്നുകൊണ്ടിരിക്കയാണ്. മലപ്പുറം ജില്ലയിലെ ആതവനാട്ടുള്ള ധാതുലവണ മിശ്രിതപ്ലാന്റിന്റെ ശിലാസ്ഥാപന കർമ്മം 10.06.2007 ന് ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പു മന്ത്രി നിർവ്വഹിക്കുകയുണ്ടായി. ഫാക്ടറി സ്ഥാപിക്കാൻ വേണ്ടി മൃഗ സംരക്ഷണ വകുപ്പിൽ നിന്ന് ഏറ്റെടുത്ത നിർദ്ദിഷ്ട സ്ഥലത്തു ചുറ്റു മതിൽ നിർമ്മിച്ചു കഴിഞ്ഞു. ഈ പദ്ധതിയുടെ തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ താത്കാലികമായി ഹൈക്കോടതി തടഞ്ഞിരിക്കുന്നതിനാൽ പണികൾ നിർത്തിവച്ചിരിക്കുകയാണ്. ഇതു സംബന്ധമായ വ്യവഹാരം കോടതിയിൽ നടന്നുവരികയാണ്. മുതലമടയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സംമ്പുഷ്ടീകരിച്ച വൈക്കോൽക്കട്ട നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിന് കൃഷിവകുപ്പുമായുള്ള ചർച്ച പുരോഗമിക്കുകയാണ്. |
| ഡി) | കാലിത്തീറ്റ നിർമ്മാണ രംഗത്ത് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് കേരള ഫീഡ്സ് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്? | ഡി) | കാലിത്തീറ്റ നിർമ്മാണ രംഗത്ത് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അത്യാധുനിക, വിദഗ്ധ സാങ്കേതിക വിവരങ്ങൾ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 614 — 22/07/2008 ൽ മറുപടിയ്ക്ക്

## പൊതുസൗകര്യ കേന്ദ്രം പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.അച്ചുതൻ<br>ശ്രീ.കെ.സുധാകരൻ<br>ശ്രീ.വർക്കല കഹാർ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) കേന്ദ്ര ഗവൺമെൻറ് നടപ്പാക്കുന്ന പൊതുസൗകര്യ കേന്ദ്രം പദ്ധതി സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നു നില വിൽ വരുമെന്ന് വെളിപ്പെടുത്തുമോ; | (എ) പൊതുസൗകര്യ കേന്ദ്രം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള നടപടികൾ ഊർജ്ജിതമായി എടുത്തുവരുന്നു. |
| (ബി) സംസ്ഥാനത്ത് ഇത്തരത്തിലുള്ള എത്ര കേന്ദ്രങ്ങൾ തുറക്കുവാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) 3180 കേന്ദ്രങ്ങൾ തുറക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) ഈ കേന്ദ്രങ്ങൾ വഴി എന്തെല്ലാം സേവനങ്ങളാണ് ഉറപ്പാക്കുന്നത് ? | (സി) B2C സേവനങ്ങളാണ് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 615 — 22.7.2008 - ൽ മറുപടിയ്ക്ക്

## പി.എസ്.സി. അദാലത്തുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബി.ബാബുപ്രസാദ്<br>ശ്രീ.എം.എ.വാഹിദ്<br>ശ്രീ.കെ.സി.വേണുഗോപാൽ | | ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഉദ്യോഗാർത്ഥികളുടെ പരാതി പരിഹരിക്കാനും അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകാനുമായി പി.എസ്.സി അദാലത്തുകൾ നടത്തണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ; | (എ) | അദാലത്തുകൾ നടത്തിവരുന്നുണ്ട്. ഏറ്റവും അവസാനമായി 15.7.2008 ൽ എറണാകുളം മേഖലാ ഓഫീസിൽ വച്ച് പരാതി പരിഹാര അദാലത്ത് നടത്തിയിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ നടത്തുന്ന അദാലത്തുകളിൽ ഏതൊക്കെ ഉദ്യോഗസ്ഥർ പങ്കെടുക്കുന്നുണ്ട് ; | (ബി) | സെക്രട്ടറി, അഡിഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ബന്ധപ്പെട്ട ജില്ലാ/ മേഖലാ ആഫീസർ തുടങ്ങി ഉന്നത ഉദ്യോഗസ്ഥർ അദാലത്തുകളിൽ പങ്കെടുക്കുന്നുണ്ട് |
| (സി) പി.എസ്.സി ചെയർമാന്റെയും അംഗങ്ങളുടെയും സാന്നിദ്ധ്യം ഇത്തരം അദാലത്തുകളിൽ ഉറപ്പു വരുത്തുമോ ; | (സി) | പി.എസ്.സി ചെയർമാൻ/ പി.എസ്.സി അംഗങ്ങൾ എന്നിവരുടെ സാന്നിധ്യത്തിലാണ് അദാലത്തുകൾ സംഘടിപ്പിക്കുന്നത് |

| | | |
|---|---|---|
| (ഡി) എവിടെയൊക്കെയാണ് ഇത്തരം അദാലത്തുകൾ നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത് ; | (ഡി) | പി.എസ്.സി യുടെ മേഖലാ/ ജില്ലാ ഓഫീസുകളിലും കേന്ദ്ര ആഫീസിലും. |
| (ഇ) ഈ അദാലത്തുകൾ വഴി ഉദ്യോഗാർത്ഥികളുടെ എന്തൊക്കെ പരാതികൾക്ക് പരിഹാരം കാണുന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; | (ഇ) | യോഗ്യതകളുടെ സ്വീകാര്യത, തെരഞ്ഞെടുപ്പുകളിലെ കാലതാമസം, പരീക്ഷാ നടത്തിപ്പ് എന്നിവയുമായി ബന്ധപ്പെട്ട പരാതികളും, കമ്മിഷന്റെ പ്രവർത്തനം സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ഉദ്യോഗാർത്ഥികളിൽ നിന്നും ലഭിക്കുന്ന പരാതികളും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ച് പരിഹാരം കാണുകയെന്നതാണ് ലക്ഷ്യം. അദാലത്തുകൾ മുഖാന്തിരം പൊതുജനങ്ങളുമായി നേരിട്ട് ആശയവിനിമയം നടത്തി അവരുടെ പരാതികൾക്ക് ഉടനടി പരിഹാരം കാണുന്നതിനും, കമ്മിഷന്റെ നടപടി ക്രമങ്ങളെക്കുറിച്ച് പരാതിക്കാരെ ബോധവത്കരിക്കുന്നതിനും സാധിക്കുന്നു. ഇതുമൂലം അനാവശ്യമായ കോടതി വ്യവഹാരങ്ങൾ ഒരു പരിധി വരെ ഒഴിവാക്കാനും സാധിക്കുന്നുണ്ട്. |
| (എഫ്) ജില്ലകൾ തോറും ഇത്തരം അദാലത്തുകൾ നടത്താൻ നടപടി സ്വീകരിക്കുമോ ? | (എഫ്) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 616 — 22.07.2008-ൽ മറുപടിയ്ക്ക്

## പബ്ലിക് കീ ഇൻഫ്രാസ്ട്രക്ചർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജോർജ് മേഴ്സിയർ<br>ശ്രീ. കെ. ബാബു | | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാന സർക്കാർ നടത്തുന്ന വിവിധ ഇലക്ട്രോണിക് ഇടപാടുകൾ പ്രത്യേക ഡിജിറ്റൽ മുദ്രയുമായി ബന്ധിപ്പിക്കാനാവശ്യമായ ''പബ്ലിക് കീ ഇൻഫ്രാസ്ട്രക്ചർ'' (പി.കെ.ഐ.) സംവിധാനം നിലവിലുണ്ടോ; | (എ) (ബി) & (സി) | സംസ്ഥാന സർക്കാർ നടത്തുന്ന പബ്ലിക് കീ ഇൻഫ്രാസ്ട്രക്ചർ സംവിധാനം ഇപ്പോൾ നിലവിലില്ല. |
| (ബി) ഇതിന്റെ ഭാഗമായി വിവിധ വിഭാഗങ്ങൾക്ക് ഡിജിറ്റൽ മുദ്ര നൽകുന്നുണ്ടോ; | | |
| (സി) എങ്കിൽ ഇപ്പോൾ ഇതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; | | |
| (ഡി) ഈ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിവിധ മേഖലയിൽ വ്യാപിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ഗവൺമെന്റ് ഉദ്യോഗസ്ഥർക്കും ബന്ധപ്പെട്ടവർക്കും ഡിജിറ്റൽ മുദ്ര ലഭ്യമാക്കുന്നതിനായി ഒരു പബ്ലിക് കീ ഇൻഫ്രാസ്ട്രക്ചർ സംവിധാനം ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി കേരള സംസ്ഥാന ഐ.ടി. മിഷനെ ഒരു സർട്ടിഫ |

യിംഗ് അതോറിറ്റിയായി രജിസ്റ്റർ ചെയ്യുന്നതിന് കേന്ദ്ര വിവര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള കൺട്രോളർ ഓഫ് സർട്ടിഫയിംഗ് അതോറിറ്റി(സി.സി.എ)യ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 617 — 22-7-2008 - ൽ മറുപടിയ്ക്ക്

## ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച്.

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി.രവീന്ദ്രനാഥ്.<br>ശ്രീ. വി.ജെ. തങ്കപ്പൻ.<br>ശ്രീ. കെ.ടി. ജലീൽ<br>ശ്രീമതി. ജെ. അരുന്ധതി<br>ശ്രീമതി.കെ.കെ.ലതിക | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(ബഹു. മുഖ്യമന്ത്രി) |
| (എ) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച് കേരളത്തിൽ സ്ഥാപിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;<br>(ബി) ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് സർക്കാർ സ്ഥലം സൗജന്യമായി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) & (ബി) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച് (IISER) സ്ഥാപിക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ വിതുര ജേഴ്സി ഫാമിലെ 200 ഏക്കർ സ്ഥലം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ടി സ്ഥാപനം ട്രാവൻകൂർ - കൊച്ചിൻ ലിറ്ററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് (Act 12/95) ആയി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ ചെയർമാനായി ബാംഗ്ലൂരിലെ ജവഹർലാൽ നെഹ്റു സെന്റർ ഫോർ അഡ്വാൻസ്ഡ് സയന്റിഫിക് റിസർച്ച് പ്രസിഡണ്ട് പ്രൊഫ. എം.ആർ. എസ്. റാവുവിനെ നിയമിച്ചിട്ടുണ്ട്. ഈ അദ്ധ്യയന വർഷം തന്നെ കോഴ്സ് ആരംഭിക്കുന്നതിലേക്ക് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ TEQIP Fund ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ രണ്ടു നിലകൾ IISER ന് കൈമാറിയിട്ടുണ്ട്. ആദ്യ ബാച്ച് ഈ വർഷം ആഗസ്റ്റ് മാസം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) കെട്ടിട നിർമ്മാണവും മറ്റും എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | (സി) കെട്ടിട നിർമ്മാണം അടിയന്തിരമായി ചെയ്തുതീർക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) ഇൻസ്റ്റിറ്റ്യൂട്ടിനായി കേന്ദ്ര സർക്കാർ എന്തു തുക അനുവദിച്ചിട്ടുണ്ട്; | (ഡി) ഫണ്ട് അനുവദിച്ചിട്ടില്ല. |
| (ഇ) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം താൽക്കാലിക സംവിധാനത്തിൽ ഈ വർഷം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ – 618 22-7-2008-ൽ മറുപടിക്ക്

# വിദേശ കേരളീയർക്കായി ഹെറിറ്റേജ് വില്ലേജ് പദ്ധതി

**ചോദ്യം**

ശ്രീ. മുരളി പെരുനെല്ലി
ശ്രീമതി കെ.എസ്. സലീഖ
ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. എ.സി. മൊയ്തീൻ
ശ്രീ. കെ.സി. കുഞ്ഞിരാമൻ

(എ) വിദേശ കേരളീയർക്കായി പ്രവാസി കാര്യവകുപ്പ് ആവിഷ്കരിക്കുന്ന ഹെറിറ്റേജ് വില്ലേജ് പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

**ഉത്തരം**

ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ) പ്രവാസി കേരളീയർക്ക് പ്രത്യേകിച്ച് വിദേശങ്ങളിൽനിന്ന് തിരിച്ചെത്തുന്നവർക്കും, ജീവിത സായാഹ്നത്തിൽ ഏകാന്തതയും ഒറ്റപ്പെടലും അനുഭവിക്കുന്നവർക്കും സാമൂഹിക സുരക്ഷ ഉറപ്പാക്കുക, അവരുടെ പുനരധിവാസത്തിന് പദ്ധതികൾ ആവിഷ്കരിക്കുക മുതലായ ഉദ്ദേശ്യലക്ഷ്യങ്ങൾ മുൻനിർത്തി ഹെറിറ്റേജ് വില്ലേജ് സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. പ്രവാസി കേരളീയർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഗ്രാമത്തിൽ തന്നെ നഗരത്തിന്റെ എല്ലാ സൗകര്യങ്ങളും ലഭ്യമാക്കിക്കൊണ്ടും, കേരളത്തനിമയും സംസ്കാരവും നിലനിർത്തിക്കൊണ്ടും സ്വയംപര്യാപ്തമായ ഒരു ടൗൺഷിപ് ഒരുക്കുക കൂടിയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി ഘട്ടം ഘട്ടമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) ഏതെല്ലാം വകുപ്പുകളുടെ സംയോജനത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് ;<br><br>(സി) ഏതെല്ലാം ജില്ലകളിലാണ് ഹെറിറ്റേജ് വില്ലേജ് സ്ഥാപിക്കുന്നത്; പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;<br><br>(ഡി) വിദേശമലയാളികൾക്കും കുടുംബങ്ങൾക്കും ഇവിടെ താമസ സൗകര്യം ഏർപ്പെടുത്തുമോ ? | (ബി)യും (സി)യും (ഡി)യും. ഇതു സംബന്ധിച്ച തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 619 22/07/2008 ൽ മറുപടിയ്ക്ക്

മാതൃകാ ഫിനിഷിംഗ് സ്ക്കൂളിൻെറ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ.സി.പി. മുഹമ്മദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഐ.എച്ച്.ആർ.ഡി.യുടെയും ഐ.റ്റി. വകുപ്പിൻെറയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന മാതൃകാ ഫിനിഷിംഗ് സ്ക്കൂളിൻെറ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) ആദ്യ ബാച്ചിൻെറ പരിശീലനം മികച്ച രീതിയിൽ പൂർത്തിയാക്കി കഴിഞ്ഞു. ഈ സ്കൂളിൻെറ പ്രവർത്തനം ഐ.എച്ച്.ആർ.ഡി.യും ഐ.റ്റി. ഡിപ്പാർട്ടുമെൻറും നിരന്തരം വിലയിരുത്തി കൂടുതൽ മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്. |
| (ബി) ഐ.റ്റി. മേഖലയിൽ സമർത്ഥരായ ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്നതിന് സഹായകരമാകുന്ന ഈ സംരംഭത്തിന് ഐ.റ്റി.മിഷൻ എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത് ; | (ബി) സംസ്ഥാന സർക്കാരിൻെറ ഐ.ടി. വകുപ്പിൻെറ നോഡൽ ഏജൻസിയായ സംസ്ഥാന ഐ.ടി. മിഷൻ, സർക്കാർ അധീനതയിലുള്ള ഐ.എച്ച്.ആർ.ഡി.യുമായി സഹകരിച്ച് തിരുവനന്തപുരത്ത് ആദ്യത്തെ ഫിനിഷിംഗ് സ്ക്കൂൾ ആരംഭിച്ചു. ഇതിൻെറ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള ഫണ്ട് ലഭ്യമാക്കുന്നത് ഐ.ടി. മിഷനാണ്. എൻജിനീയറിംഗ് ബിരുദത്തിനുള്ള |

സാധാരണ പാഠ്യക്രമത്തിൽ ഉൾപ്പെടുത്താത്ത അറിവുകൾ പകർന്നു കൊടുത്തു ജോലി സാധ്യത മെച്ചപ്പെടുത്തുവാനും പരിശീലനത്തി നുവേണ്ടി ഇൻഫോസിസ് കമ്പനിയുടെ സംയുക്ത സഹകരണം ലഭ്യമാക്കുന്നതും പരിശീലനം കഴിയുന്ന കുട്ടികൾക്കുവേണ്ടി ഐ.ടി., ഐ.ടി.ഇ.എസ്. മേഖലകളിലെ കമ്പനികളെ ഉൾപ്പെടുത്തി ക്യാമ്പസ് റിക്രൂട്ട്മെൻറ് സംഘടിപ്പിക്കുന്നതും ഐ.ടി. മിഷനും ഐ.എച്ച്.ആർ.ഡി.യും സംയുക്തമായിട്ടാണ്.

(സി) ഐ.റ്റി.മിഷന് പുറമെ മറ്റ് ഏതൊക്കെ കേന്ദ്ര സ്ഥാപനങ്ങളുടെ സഹകരണം ഈ സംരംഭത്തിന് ലഭ്യമാക്കണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഇതിനായി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് ;

(സി) & (ഡി)

നിലവിലുള്ള പദ്ധതി പ്രകാരം സംസ്ഥാന ഐ.ടി. മിഷനും ഐ.എച്ച്.ആർ.ഡിയും സംയുക്തമായിട്ടാണ് ഫിനിഷിംഗ് സ്ക്കൂൾ ഏറ്റെടുത്തിട്ടുള്ളത്. മറ്റ് കേന്ദ്ര സ്ഥാപനങ്ങളുടെ സഹകരണം ഈ സംരംഭത്തിന് ഇതുവരെ ലഭ്യമാക്കിയിട്ടില്ല.

(ഇ) സംസ്ഥാനത്ത് മറ്റ് എവിടെയെങ്കിലും ഇത്തരം സ്ഥാപനങ്ങൾ തുടങ്ങണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ; ഇതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ?

ഇ) സംസ്ഥാനത്ത് എറണാകുളത്ത് ഒരു ഫിനിഷിംഗ് സ്ക്കൂൾ കൂടി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 620

22. 07. 2008-ൽ മറുപടിയ്ക്ക്

## ഓഷ്യേനിയത്തിന്റെ പ്രവർത്തനം

ചോദ്യം

മറുപടി

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

ശ്രീ സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
ശ്രീ. സി.എം.ദിനേശ് മണി
ശ്രീ.എം എം.മോനായി
ശ്രീ സാജു പോൾ
ശ്രീ എ.എം. യൂസഫ്

എ) കൊച്ചിയിൽ പുതുവൈപ്പിനിൽ ആരംഭിക്കുന്ന ഓഷ്യേനിയത്തിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

എ) കൊച്ചിയിൽ ഒരു മറൈൻ ബയോളജിക്കൽ റിസർച്ച് സ്റ്റേഷനും ഓഷ്യനേറിയവും സർക്കാരിന്റെയും സ്വകാര്യ വ്യക്തികളുടെയും പങ്കാളിത്തത്തോടെ സ്ഥാപിക്കാൻ ഉത്തരവായിട്ടുണ്ട്. ഇതിനായി കെ.എസ്.ഐ.ഡി. സി-യെ ബിഡ് മാനേജരായി നിയമിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി പുതുവൈപ്പിനിൽ റവന്യൂ വകുപ്പിന്റെ ഉടമസ്ഥാവകാശത്തിലുള്ള 50 ഏക്കർ സ്ഥലം ഫിഷറീസ് വകുപ്പിന് കൈമാറ്റം ചെയ്തു. കൺസൾട്ടൻസിയുടെ സഹായത്തോടുകൂടി ഒരു ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

ബി) ഓഷ്യേനിയത്തോടനുബന്ധിച്ച് ആരംഭിക്കുന്ന മറൈൻ ബയോളജിക്കൽ റിസർച്ച് സ്റ്റേഷനും മ്യൂസിയവും ഇതിനോടൊപ്പം സ്ഥാപിക്കുന്നുണ്ടോ;

ബി) ഓഷ്യനേറിയത്തോടനുബന്ധിച്ച് മറൈൻ ബയോളജിക്കൽ റിസർച്ച് സ്റ്റേഷനും മ്യൂസിയവും സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു.

സി) ഓഷ്യേനിയം സ്ഥാപിക്കുന്നതിനു കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന സഹായങ്ങൾ വ്യക്തമാക്കുമോ;

ഡി) ഓഷ്യേനിയം നിർമ്മാണത്തിൽ ഈ രംഗത്ത് പ്രഗത്ഭരായ വിദേശികളുടെ സേവനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

സി)യും ഡി)യും

ഓഷ്യനേറിയം സ്ഥാപിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്. കേന്ദ്ര സർക്കാർ ഓഷ്യനേറിയം ഇന്ത്യയിൽ എവിടെയൊക്കെ സ്ഥാപിക്കണമെന്നോ എന്തു സാങ്കേതിക വിദ്യ ഉപയോഗിക്കണമെന്നോ ഇതുവരെയും തീരുമാനം കൈക്കൊണ്ടിട്ടില്ല. എന്നാൽ ഇക്കാര്യത്തിൽ ഉടനെ ഒരു തീരുമാനം കൈക്കൊള്ളുന്നതിന് ഉതകുന്ന വിധത്തിൽ കേന്ദ്ര സർക്കാർ ഒരു കൺസൾട്ടൻസിയെ നിയോഗിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാംകേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 621 | 22/07/2008 ൽ മറുപടി

## സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.സി.മൊയ്തീൻ<br>ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. കെ.കെ. ദിവാകരൻ | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;<br>(ബി) ഏതെല്ലാം വകുപ്പുകളിൽ ഇതിനകം സ്വതന്ത്ര സോഫ്റ്റ്‌വെയർ നടപ്പാക്കി ; | (എ) യും (ബി) യും 2007-ലെ ഐ.ടി. നയത്തിൽ ഫ്രീ ആന്റ് ഓപ്പൺ സോഫ്റ്റ്‌വെയറിനെ സംബന്ധിച്ച് പ്രത്യേകമായി പ്രതിപാദിച്ചിട്ടുണ്ട്. സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി താഴെപ്പറയുന്ന പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകളുടെ വെബ്സൈറ്റുകൾ സ്വതന്ത്ര സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ കണ്ടന്റ് മാനേജ്മെന്റ് ഫ്രെയിം വർക്ക് (സി.എം.എഫ്.)ലേക്ക് മാറ്റിക്കൊണ്ടിരിക്കുന്നു. മാനസികമായും ശാരീരികമായും വൈകല്യം സംഭവിച്ചവർക്കിടയിൽ വിവര സാങ്കേതിക വിദ്യ സാധ്യമാക്കുന്നതിനുള്ള ചലഞ്ചിയായ ജൂൻസൈറ്റ് നടപ്പിലാക്കിവരുന്നു. കമ്പ്യൂട്ടറിൽ |

മലയാളം ഉപയോഗിക്കുന്നതിനു വേണ്ടിയുള്ള മലയാളം കമ്പ്യൂട്ടിംഗ് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ വികസനത്തിനും പ്രചാരണത്തിനുമായി അന്തർദേശീയ നിലവാരമുള്ള ഒരു ഗവേഷണ വികസന കേന്ദ്രം (ഇൻറർനാഷണൽ സെൻറർ ഫോർ ഫ്രീ ആൻറ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ) ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. കളക്ട്രേറ്റുകളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ടിയുള്ള ഡി.സി. സ്യൂട്ട് പ്രോജക്ട് നടപ്പിലാക്കിവരുന്നു. സർക്കാർ ഓഫീസുകളിൽ ഫയലുകളും തപാലുകളും കമ്പ്യൂട്ടറിന്റെ സഹായത്തോടെ കൈകാര്യം ചെയ്യുന്നതിന് ഡിജിറ്റൽ ഫയൽ ഫ്ലോ സിസ്റ്റം നടപ്പിലാക്കി വരുന്നു. സർക്കാർ ഓഫീസുകളുടെ വിവരങ്ങളും സേവനങ്ങളും അവയുടെ സ്ഥാന നിർണ്ണയവും ശേഖരിച്ച് ഒരു വെബ് അധിഷ്ഠിത ജി.ഐ.എസ്. സോഫ്റ്റ്‌വെയറിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കിവരുന്നു. കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും സ്ഥിതിവിവരകണക്കുകൾ രേഖപ്പെടുത്തുന്നതിനും അവയുടെ മേൽ നോട്ടത്തിനുമുള്ള ആസ്തി എന്ന സോഫ്റ്റ് വെയർ നടപ്പിലാ

| | | | |
|---|---|---|---|
| | | | ക്കിവരുന്നു. ഐ.റ്റി. @ സ്ക്കൂളിന്റെ ഭാഗമായി സ്ക്കൂളുകളിലെല്ലാം സ്വതന്ത്ര സോഫ്റ്റ് വെയർ ലഭ്യമാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി, പി.ഡബ്ല്യു.ഡി. തുടങ്ങിയ വകുപ്പുകളിൽ സ്വതന്ത്ര സോഫ്റ്റ് വെയർ ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട് |
| (സി) | എല്ലാ സർക്കാർ സ്ഥാപനങ്ങളിലും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | ഘട്ടംഘട്ടമായി സർക്കാർ സ്ഥാപനങ്ങളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുന്നതാണ്. സാധ്യമാകുന്ന എല്ലാ മേഖലകളിലും സ്വതന്ത്ര സോഫ്റ്റ് വെയർ നടപ്പിലാക്കണമെന്ന് സർക്കാരിന്റെ ഐ.ടി. നയം 2007 നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.622 . 22.7.2008- ൽ മറുപടിയ്ക്ക്

വംശനാശം നേരിടുന്ന മത്സ്യങ്ങളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.പ്രകാശൻ മാസ്റ്റർ :<br>ശ്രീ.എ.എം.ആരിഫ് :<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു :<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ :<br>ശ്രീ.ബി.രാഘവൻ : | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ കായലുകളിൽ വംശനാശം നേരിടുന്ന മത്സ്യങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) ഉണ്ട്.<br>കൊച്ചി സർവ്വകലാശാല വേമ്പനാട് കായലിലെ മത്സ്യസമ്പത്തിനെക്കുറിച്ച് 1078-80 കാലയളവിലും 1988-90 കാലയളവിലും 1999-2000 കാലയളവിലും, കേരള കാർഷികസർവ്വകലാശാല 2002-03 കാലഘട്ടത്തിലും പഠനങ്ങൾ നടത്തിയിട്ടുണ്ട്. സമീപകാലത്തു നടത്തിയ പഠനങ്ങളിൽ വാണിജ്യ പ്രാധാന്യമുള്ള ഇനങ്ങളായ വരാൽ, കാരി, കൂരി, പൂമീൻ, തിരുത എന്നീ മത്സ്യ ഇനങ്ങളുടെ ലഭ്യതയിൽ ശോഷണം സംഭവിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) വംശനാശ ഭീഷണി നേരിടുന്ന കരിമീനുകളെ സംരക്ഷിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ; കരിമീനുകളുടെ വംശനാശത്തിന് കാരണം എന്താണ്; | (ബി) വംശനാശ ഭീഷണി നേരിടുന്ന കരിമീനുകളെ സംരക്ഷിക്കുന്നതിന് ഇപ്പോൾതന്നെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ പള്ളം ഫിഷ് ഫാമിൽ കരിമീൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു. അഴീക്കോട് റീജിയണൽ ഷ്രിംപ് ഹാച്ചറിയിൽനിന്നും കരിമീൻ കുഞ്ഞ് ഉല്പാദനം നടത്തി വിതരണം ചെയ്യു |

വരുന്നു. കൂടാതെ അഡാക്കിന്റെ അധീനതയിൽ പൊയ്യ ഫിഷ് ഫാമിലും ഒരു കരിമീൻ കുഞ്ഞുല്പാദന യൂണിറ്റ് ആരംഭിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. വംശനാശഭീഷണി നേരിടുന്ന കരിമീനുകളെ സംരക്ഷിക്കുന്നതിന് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ) മുഖേനയും രണ്ട് പദ്ധതികൾ നടപ്പാക്കി വരുന്നു.

1. ശാസ്താംകോട്ട കായലിൽ മത്സ്യസങ്കേതം സ്ഥാപിച്ച് മത്സ്യസംരക്ഷണത്തിന് നടപടിയെടുത്തിട്ടുണ്ട്.

2. കരിമീൻ കുഞ്ഞുങ്ങളെ കായലിൽ നിക്ഷേപിക്കുന്ന പദ്ധതി നടപ്പാക്കി വരുന്നു.

കൂടാതെ കായലുകളിൽ കണ്ടുവരുന്ന അനധികൃത മത്സ്യബന്ധനം, കണ്ണിവലിപ്പം കുറഞ്ഞ വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം തുടങ്ങിയവ തടയുന്നതിന് കായൽ പട്രോളിംഗ് നടത്തി വരുന്നു.

കരിമീനുകൾ ഉൾപ്പെടെയുള്ള കായൽ മത്സ്യങ്ങളുടെ വംശനാശത്തിന് കാരണമാകുന്ന പ്രധാന പ്രശ്നങ്ങൾ താഴെപറയുന്നവയാണ്.

1. ജലമലിനീകരണം
2. കായൽ കയ്യേറ്റം
3. അമിത ചൂഷണം
4. അനധികൃത മത്സ്യബന്ധനം
5. കണ്ടൽ കാടുകളുടെ നശീകരണം
6. ഏറ്റം കെട്ടൽ

| | |
|---|---|
| | 7. കണ്ണിവലിപ്പം കുറഞ്ഞ വല ഉപയോഗിച്ചുള്ള മത്സ്യബന്ധനം.<br>8. ആവാസവ്യവസ്ഥകളുടെ നാശം തുടങ്ങിയവയാണ്. |
| (സി) ഓരുജല മത്സ്യകർഷക വികസന ഏജൻസി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | (സി)<br>1. ഓരുജല മത്സ്യകർഷക വികസന ഏജൻസികൾ മുഖേന ചെമ്മീൻ കൃഷി നടപ്പാക്കുന്നതിന് കർഷകർക്ക് സാമ്പത്തിക/സാങ്കേതിക/പരിശീലന പരിപാടികൾ നടപ്പാക്കിവരുന്നു.<br>2. കക്ക/ചിപ്പി/മുരിങ്ങ എന്നിവയുടെ കൃഷി നടപ്പാക്കുന്നതിന് ധനസഹായം നൽകി വരുന്നു.<br>3. കായലുകളിൽ വാണിജ്യ പ്രാധാന്യമുള്ള ചെമ്മീൻ ഇനങ്ങളുടെ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന സീ റാഞ്ചിംഗ് പദ്ധതി നടപ്പാക്കി വരുന്നു.<br>4. കൊല്ലം ഓരുജല മത്സ്യകർഷക വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ നീണ്ടകരയിലുള്ള ഉത്പാദനകേന്ദ്രത്തിൽ നിന്ന് കാര, നാരൻ, ആറ്റുകൊഞ്ച് എന്നിവയുടെ കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്തു വരുന്നു. |
| (ഡി) മത്സ്യകൃഷി നടത്തുന്നതിന് കർഷകർക്ക് പരിശീലനം നൽകുന്നതിന് ഏജൻസികൾ നടത്തുന്ന പരിപാടികൾ വിശദമാക്കുമോ ; | (ഡി) സംസ്ഥാനത്ത് മത്സ്യ/ചെമ്മീൻ കൃഷി നടത്തുന്ന കർഷകർക്കും അതിൽ തല്പരരായവർക്കും കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ ഓരുജല/ശുദ്ധജല മത്സ്യകൃഷി വികസന ഏജൻസികൾവഴിയും നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ ധനസഹായ |

| | |
|---|---|
| | മത്തോടെ നിഫാം വഴിയും പരിശീലനം നടത്തിവരുന്നു. ഇതിന്റെ ഭാഗമായി കർഷകരെ മത്സ്യ/ചെമ്മീൻ വിത്തുല്പാദന ശാലകൾ, നന്നായി പ്രവർത്തിപ്പിച്ചുവരുന്ന കൃഷിയിടങ്ങൾ എന്നിവിടങ്ങളിൽ കൊണ്ടുപോയി പരിശീലനം നൽകുന്നുമുണ്ട്. പരിശീലനത്തിന് ദിനബത്ത, യാത്രാകൂലി എന്നിവ നൽകുന്നു. |
| (ഇ) കായലുകളിൽ ചെമ്മീൻ കൃഷി നടത്തുന്നതിന് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് ? | (ഇ) കായലുകളിൽ ചെമ്മീൻ കൃഷി നടത്തുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 623 22/7/2008-ൽ മറുപടിക്ക്

## മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.കെ.പുരുഷോത്തമൻ<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.എം.എം.മോനായി<br>ശ്രീ.സാജു പോൾ<br>ശ്രീ.എ.എം.യൂസഫ് | ശ്രീ.സി.ദിവാകരൻ(ബഹു:ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്താനായി പന്നി,ടർക്കി എന്നിവ വളർത്തുന്നതിന് ഉള്ള പദ്ധതികൾ ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തുന്നതിനായി അഗ്രി(പ്ലാനിംഗ്) വകുപ്പിന് നല്കുന്ന കാര്യം പരിഗണിച്ചു വരുന്നു. കൂടാതെ എസ്.ബി.ഐ യുമായി ചേർന്ന് പന്നി വളർത്തൽ പദ്ധതിയ്ക്കുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കയറ്റുമതി ലാക്കാക്കിയുള്ള ഒരു ആധുനിക അറവുശാല ചാലക്കുടിയിൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇടയാർ യൂണിറ്റിന്റെ ആധുനികവൽക്കരണത്തിന് 6.66 കോടി രൂപ മുതൽമുടക്കുള്ള ഒരു പദ്ധതി കേന്ദ്ര ഭക്ഷ്യ മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| ബി) കമ്പനിയുടെ ഉല്പന്നങ്ങൾക്ക് ആവശ്യമായ മാംസം കേരളത്തിൽ നിന്നും ലഭിക്കുന്നുണ്ടോ; | ബി) ഇല്ല |

| | | | |
|---|---|---|---|
| (സി) | കമ്പനി ആധുനികവൽക്കരിച്ചതിനു ശേഷം പ്രവർത്തനത്തിൽ എന്തു മാത്രം നേട്ടമുണ്ടായിട്ടുണ്ട്; | സി) | 2007-ൽ നടപ്പാക്കിയ ആധുനികവത്ക്കരണത്തിനു ശേഷം കമ്പനിക്ക് ഗാഢശീതികരണിയിൽ ഉല്പന്നങ്ങൾ സൂക്ഷിക്കുന്നതുമൂലം ഗുണനിലവാരം ഉറപ്പാക്കുന്നതിനും കൂടുതൽ ഉല്പ്പന്നങ്ങൾ സൂക്ഷിക്കുന്നതിനും സാധിച്ചു. മലിനജല സംസ്ക്കരണ പദ്ധതിമൂലം പരിസരമലിനീകരണം ഒഴിവാക്കുന്നതിനും സാധിച്ചു. |
| (ഡി) | പട്ടാളക്കാർക്ക് ആവശ്യമായ മാംസം വിതരണം ചെയ്യുന്നതിന് ഓർഡർ നേടാൻ കഴിഞ്ഞിട്ടുണ്ടോ; | ഡി) | ദക്ഷിണ നാവിക സേന ആസ്ഥാനത്ത് എം.പി.ഐ.-യുടെ മാംസോൽപ്പന്നങ്ങൾ ഇപ്പോൾ നൽകിവരുന്നു. |
| (ഇ) | വൈവിധ്യവൽകരണ പദ്ധതിയുടെ ഭാഗമായി പുതുതായി ഏതെങ്കിലും ഉല്പന്നങ്ങൾ വിപണിയിൽ എത്തിച്ചിട്ടുണ്ടോ; | ഇ) | വൈവിധ്യവൽക്കരണ പദ്ധതിയുടെ ഭാഗമായി മാട്ടുപ്പെട്ടി പ്രീമിയം ബീഫ് വിപണിയിലിറക്കിയിട്ടുണ്ട്. കൂടാതെ ധോണി പ്രീമിയം ബഫല്ലോയും ചിക്കൻ അച്ചാറും വിപണിയിലിറക്കാൻ ഉദ്ദേശിക്കുന്നു. |
| (എഫ്) | വിദേശ കമ്പനിയുമായി ചേർന്ന് വിദേശ വിപണി ലക്ഷ്യമാക്കി ഹൈടെക് മാംസോൽപാദന യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | എഫ്) | വിദേശ വിപണിയെ ലക്ഷ്യമാക്കി ചാലക്കുടിയിൽ ആധുനിക മാംസോൽപ്പന്ന ഫാക്ടറി തുടങ്ങുന്നതിനുള്ള ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 624 | 22.07.2008-ൽ മറുപടിയ്ക്ക്

**ദേശീയ ഇ-ഭരണ പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. എം. മുരളി | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ദേശീയ ഇ-ഭരണ പദ്ധതി (എൻ.ഇ.ജിപി)യുടെ കീഴിൽ ഇതുവരെ സംസ്ഥാനത്ത് എന്തൊക്കെ പ്രവർത്തനങ്ങൾ ആരംഭിച്ചു; | (എ) ദേശീയ ഇ-ഭരണ പദ്ധതിയുടെ നടത്തിപ്പിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി പ്രോഗ്രാം സ്റ്റിയറിംഗ് കൗൺസിലും, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ വകുപ്പുതല ഐ.ടി. കമ്മിറ്റിയുടെ രൂപീകരണവും നടന്നുവരുന്നു. പ്രോജക്ടുകളുടെ നടത്തിപ്പിനായി വകുപ്പുതല നോഡൽ ആഫീസർമാരെ തീരുമാനിച്ചിട്ടുണ്ട്. ദേശീയ ഇ-ഭരണ പദ്ധതി പ്രകാരം താഴെ പറയുന്ന വകുപ്പുകളുടെ പദ്ധതി നിർദ്ദേശം ധനസഹായത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br>1. കൃഷി<br>2. വാണിജ്യനികുതി<br>3. എംപ്ലോയ്മെൻറ് ആൻറ് ട്രെയിനിംഗ് |

4. പഞ്ചായത്ത്

5. സർവ്വേ ആൻറ് ലാൻറ് റെക്കോർഡ്സ്

6. മുനിസിപ്പാലിറ്റി

7. പോലീസ്

8. രജിസ്ട്രേഷൻ

9. മോട്ടോർ വാഹനം

10. ഭക്ഷ്യപൊതുവിതരണം

11. പൊതുവിദ്യാഭ്യാസം

12. ആരോഗ്യ കുടുംബക്ഷേമം

13. വ്യവസായവും വാണിജ്യവും

14. പട്ടികജാതി-പട്ടികവർഗ്ഗം

15. സാമൂഹ്യക്ഷേമം

16. റവന്യൂ (ഇ-ഡിസ്ട്രിക്ട്)

17. ട്രഷറി

കൂടാതെ ഈ പദ്ധതിയുടെ ഭാഗമായി വാണിജ്യ നികുതി, റവന്യൂ (ഇ-ഡിസ്ട്രിക്ട്), ട്രഷറി, ഭക്ഷ്യപൊതുവിതരണം എന്നീ നാലു വകുപ്പുകളിൽ പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇവ കൂടാതെ കേന്ദ്ര സർക്കാർ സഹായത്തോടെ എല്ലാ വകുപ്പുകളിലെയും പ്രൊക്യൂർമെൻറിനുവേണ്ടിയുള്ള ഒരു ഇ-ഗവൺമെൻറ് പ്രൊക്യൂർമെൻറ് പ്രോജക്ട് (ഇ-ജി.പി.), മൊബൈൽ വഴി

സേവനം ലഭ്യമാക്കുന്നതിനു വേണ്ടി ഇ-ഗവേണൻസ് പ്രോജക്ട് എന്നിവ തുടങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇ-ഭരണത്തിൻെറ അടിസ്ഥാന ഘടകങ്ങളായ സ്റ്റേറ്റ് ഡാറ്റാ സെൻറർ, കേരളാ സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക്, അക്ഷയ എന്നിവയുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

സർക്കാർ ആഫീസുകളെ ബന്ധിപ്പിക്കുന്ന വിവര വിനിമയ ശൃംഖലയും, ഡാറ്റാ ശേഖരം സൂക്ഷിക്കാവുന്ന സംസ്ഥാന ഡാറ്റാ സെൻററും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾക്ക് കാര്യമായ സുതാര്യതയും ഏകോപനവും ഉറപ്പുവരുത്തുന്നു.

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിയിൻ കീഴിൽ ജില്ലാ തലത്തിൽ എന്തൊക്കെ സേവനങ്ങൾ ലഭ്യമാക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്; | (ബി) & (സി) | ഈ പദ്ധതി പൂർണ്ണമാകുമ്പോൾ ഇത് പ്രകാരമുള്ള എല്ലാ വകുപ്പുകളുടെയും സേവനങ്ങൾ ജില്ലാതലത്തിൽ ഇപ്പോൾ ലഭ്യമാകുന്നത് ഈ പദ്ധതിയിലൂടെയും ലഭ്യമാക്കും. |
| (സി) | ഇതുവരെ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | | |

| | | |
|---|---|---|
| (ഡി) | ഇതിനായി എത്ര തുക വക യിരുത്തിയിട്ടുണ്ടെന്നും ഇതു വരെ എത്ര തുക ചെലവഴി ച്ചുവെന്നും വെളിപ്പെടുത്തു മോ? | (ഡി) ഇതിൻെറ ഭാഗമായി 2007-08 ൽ 56.66 കോടി രൂപയുടെ സ്റ്റേറ്റ് ഡാറ്റാ സെന്റർ, 5.99 കോടി രൂപയുടെ ഇ- ഡിസ്ട്രിക്ട് പദ്ധതി, 10.70 കോടി രൂപയുടെ കപ്പാസിറ്റി ബിൽഡിംഗ്, 90 ലക്ഷം രൂപയുടെ കോമൺ സർവീസ് സ്കീം എന്നിങ്ങനെ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിനു മുൻപ് 79 കോടി രൂപയുടെ കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (KSWAN) പ്രോജക്ട് കൂടി അനുവദിച്ചിട്ടുണ്ട്. ആകെ 20 കോടി രൂപ കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട് ഇതിൽ 438 ലക്ഷം രൂപ ചെലവാക്കിയിട്ടു ണ്ട്. KSWAN പദ്ധതി BOOT അടിസ്ഥാന ത്തിൽ ഉള്ളതായതിനാൽ ഇതിൻെറ ചെലവ് പദ്ധതി പൂർത്തീകരിച്ചതിനു ശേഷം മാത്രമേ അറിയാൻ കഴിയുകയുള്ളൂ. |

(signature)

സെക്ഷൻ ഓഫീസർ.

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 625 — 22.07.2008-ൽ മറുപടിയ്ക്ക്

## നിർജ്ജീവാവസ്ഥയിലുള്ള വെബ്സൈറ്റുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ<br>പ്രൊഫ. കെ.വി. തോമസ്<br>ശ്രീ. കെ. ബാബു | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഗവൺമെൻറ്, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗവൺമെൻറിന്റെ കീഴിലുള്ള ആട്ടോണമസ് ബോഡീസ് എന്നിവയുടെ ആഭിമുഖ്യത്തിൽ ആകെ എത്ര വെബ്സൈറ്റുകളുണ്ട്;<br>(ബി) ഇവയിൽ ശൂന്യമായി കിടക്കുന്നവയെത്ര; | (എ) ഗവൺമെൻറ്, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗവൺമെൻറിന്റെ കീഴിലുള്ള ആട്ടോണമസ് യും (ബി) ബോഡീസ് എന്നിവയ്ക്കു വേണ്ടി കെൽട്രോൺ, സി-ഡിറ്റ്, എൻ.ഐ.സി., കുടുംബശ്രീ, യും ഐ.ടി. മിഷൻ, ഐ.ഐ.ഐ.റ്റി.എം.കെ. എന്നിവ നിലനിർത്തുന്ന വെബ്സൈറ്റുകളുടെ എണ്ണം 394 ആണ് എന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു. അതിൽ ഒരു വെബ്സൈറ്റ് ശൂന്യമായി കിടക്കുന്നു. |
| (സി) അന്നന്നുള്ള പുതിയ വിവരങ്ങൾ നൽകാതെ നിർജ്ജീവാവസ്ഥയിലുള്ള വെബ്സൈറ്റുകൾ എത്രയുണ്ട്; | (സി) മോണിറ്റർ ചെയ്യുന്നില്ല. പക്ഷേ, പല ഗവൺമെൻറ് വെബ്സൈറ്റുകളും അന്നന്നുള്ള പുതിയ വിവരങ്ങൾ നൽകാത്തതുകൊണ്ട് ഈ കാര്യം പഠിക്കുകയും ഇതിനു സ്ഥിരമായിട്ടുള്ള പരിഹാരത്തിന് എല്ലാ ഗവൺമെൻറ് വെബ്സൈറ്റുകളും ഓപ്പൺ സോഴ്സിലുള്ള കണ്ടൻറ് |

| | | | |
|---|---|---|---|
| | | | മാനേജ്മെൻറ് ഫ്രെയിം വർക്കിലേക്ക് മാറ്റുവാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. കണ്ടൻറ് മാനേജ്മെൻറിലേക്ക് മാറ്റിയാൽ സാധാരണ വേഡ് പ്രോസസിൽ കഴിവുള്ള ഉദ്യോഗസ്ഥർക്ക് പോലും അന്നന്നുള്ള വിവരങ്ങൾ വെബ് സൈറ്റിലേക്ക് ചേർക്കാൻ സാധിക്കും. |
| (ഡി) | ഈ വെബ്സൈറ്റുകളിൽ ഏറ്റവും പുതിയ വിവരങ്ങൾ നൽകാത്തപക്ഷം അവ കൊണ്ടുള്ള പ്രയോജനം ലഭ്യമാകുമോ; | (ഡി) | വെബ്സൈറ്റുകളിൽ ജനോപകാരപ്രദമായ വിവരങ്ങൾ പരമാവധി ഉൾപ്പെടുത്തുമ്പോഴാണ് അവ കൊണ്ടുള്ള പ്രയോജനം പൂർണ്ണമായും ലഭ്യമാകുന്നത്. അതിൽ പഴയതും പുതിയതുമായ വിവരങ്ങൾക്ക് പ്രാധാന്യമുണ്ട്. |
| (ഇ) | ഇവയിൽ പുതിയ വിവരങ്ങൾ നൽകുവാൻ പരാജയപ്പെടുന്നതെന്തുകൊണ്ടെന്നു വ്യക്തമാക്കുമോ? | (ഇ) | ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ യഥാസമയം സൈറ്റുകളിലേക്ക് അപ്ഡേറ്റ് ചെയ്യാത്തതുകൊണ്ടാണ് പുതിയ വിവരങ്ങൾ നൽകാൻ പരാജയപ്പെടുന്നത്. വെബ്സൈറ്റുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കൃത്യമായി പുതുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ വെബ്സൈറ്റുകൾ സ്വതന്ത്ര സോഫ്റ്റ്വെയറിലുള്ള കണ്ടൻറ് മാനേജ്മെൻറ് ഫ്രെയിംവർക്കി |

ലേക്ക് മാറ്റാൻ വേണ്ടിയുള്ള നടപടി എല്ലാ വകുപ്പുകളോടും ആവശ്യപ്പെട്ടിട്ടുണ്ട് ഇതുവഴി വെബ്സൈറ്റുകളുടെ പുതുക്കൽ കൂടുതൽ വേഗത്തിലും കാര്യക്ഷമവും ആക്കാനും സാധിക്കും.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: * 626 | 22.7.2008-ൽ മറുപടിയ്ക്ക്

**കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പ്രവർത്തനങ്ങൾ.**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി.വേണുഗോപാൽ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ.ടി.എൻ.പ്രതാപൻ | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പുതിയതായി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; | (എ) ശാസ്ത്രജ്ഞൻമാരുടേയും, മറ്റ് സാങ്കേതിക വിദഗ്ദ്ധരുടേയും ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചു വരുന്നു. പുതിയ ശാസ്ത്ര മേഖലകളിൽ ഗവേഷണ പഠനങ്ങൾ തുടങ്ങാൻ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. കൗൺസിലിന്റെ കീഴിൽ സംസ്ഥാനത്തിന്റെ പ്രകൃതി സമ്പത്ത്, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പ് വരുത്തിക്കൊണ്ട് ഫലപ്രദമായി ഉപയോഗിക്കാൻ വേണ്ട ശാസ്ത്ര സാങ്കേതിക മാർഗ്ഗങ്ങൾ വികസിപ്പിക്കാൻ പുതിയ ഗവേഷണ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടികൾ എടുത്തു വരുന്നു. ശാസ്ത്ര സാങ്കേതിക കൗൺസിൽ വിവിധ ഗവൺമെന്റ് വകുപ്പുകളുമായി കൂടുതൽ ഫലപ്രദമായി ബന്ധപ്പെട്ട് സംയുക്ത പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |

(തുടർച്ച----2)

| | |
|---|---|
| (ബി) ഉപഗ്രഹ ചിത്രം മുഖേന തയ്യാറാക്കിയ സംസ്ഥാനത്തിന്റെ പരിസ്ഥിതി സംബന്ധിയായ വിവരണ ശേഖരണം എന്തൊക്കെ ശാസ്ത്രീയ ഗവേഷണങ്ങൾക്ക് ഉപയോഗിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്; | (ബി) വിവിധ വിഷയങ്ങളിൽ ഭൂപടം തയ്യാറാക്കിവരികയാണ്. ഇവ ഉണ്ടാക്കിക്കഴിഞ്ഞാൽ സർക്കാരിന്റെ ആവശ്യമനുസരിച്ച് വിവിധ ശാസ്ത്രീയ ഗവേഷണങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. കൂടാതെ ഭൂവിനിയോഗം. മുതലായ മേഖല കളിൽ ഉണ്ടാകുന്ന വ്യതിയാന ങ്ങളുടെ ശാസ്ത്രീയപഠനങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്. |
| (സി) ഇത്തരത്തിൽ ശേഖരിക്കുന്ന വിവരങ്ങൾ സർക്കാരേതര ഏജൻസികൾക്ക് നൽകുന്നതിന് എന്തൊക്കെ വ്യവസ്ഥകൾ പാലിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്? | (സി) ഇക്കാര്യം സംസ്ഥാന ആസൂത്രണ ബോർഡിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 627 22/7/2008-ൽ മറുപടിക്ക്

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീ.കെ.സി.രാജഗോപാലൻ<br>ശ്രീ.വി.ശിവൻകുട്ടി | ശ്രീ.സി.ദിവാകരൻ(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ) വകുപ്പിന്റെ കീഴിലുള്ള കന്നുകാലി ഫാമുകളിലെ പശ്ചാത്തല സൗകര്യം വികസിപ്പിക്കാനും ഉയർന്ന ഉൽപാദന ശേഷിയുള്ള മാതൃ ശേഖരം, തീറ്റ,മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ഫാം കെട്ടിടങ്ങളിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും തീറ്റപ്പുൽ വാങ്ങുന്നതിനും കൃഷി ചെയ്യുന്നതിനും കൃഷിയിടങ്ങൾ പരിപാലിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുകയും കോഴിവളർത്തൽ, താറാവു വളർത്തൽ, പന്നി വളർത്തൽ, ആടു വളർത്തൽ ഫാമുകൾ മെച്ചപ്പെടുത്തുന്നതിനും മേൽത്തരം മൃഗങ്ങളെയും കോഴികളെയും ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) കന്നുകാലി,പന്നി,ആട്, മുയൽ എന്നിവയുടെ വളർത്തൽ കേന്ദ്രങ്ങളിൽ ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള സൗകര്യമുണ്ടോ; | ബി) പരിമിതമായ തോതിൽ ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള സൗകര്യമുണ്ട്. |
| സി) ഈ കേന്ദ്രങ്ങളെ ഉല്പാദന യൂണിറ്റുകളാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | സി) ഉണ്ട് |

| | | | |
|---|---|---|---|
| ഡി) | മൃഗപരിപാലന കാര്യങ്ങളിൽ ഇവിടെ പരിശീലനം നൽകുന്നുണ്ടോ; | ഡി) | ഉണ്ട് |
| ഇ) | ഫാമുകളുടെ ആധുനികവൽക്കരണത്തിനായി ഈ വർഷം എന്തു തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്;വിശദാംശങ്ങൾ അറിയിക്കാമോ? | ഇ) | ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട്,(ആർ.ഐ.ഡി.എഫ്) രാഷ്ട്രീയ കൃഷി വികാസ് യോജന(ആർ.കെ.വി.വൈ) എന്നീ പദ്ധതികളിലായി ലഭിക്കുമെന്ന് പ്രതീക്ഷിയ്ക്കുന്ന തുക ചെലവഴിച്ച് ആധുനിക വൽക്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നു. ഇതിനുള്ള പദ്ധതികൾ നബാർഡിനും അഗ്രി(പ്ളാനിംഗ്) വകുപ്പിനും സമർപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 628 — 22.07.2008-ൽ മറുപടിക്ക്

## പ്രവാസി മലയാളികൾ സംസ്ഥാനത്തേക്ക് അയയ്ക്കുന്ന തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അനിൽകുമാർ:<br>ശ്രീ. വർക്കല കഹാർ:<br>ശ്രീ. എം.മുരളി: | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>( മുഖ്യമന്ത്രി) |
| (എ) വിദേശങ്ങളിലുള്ള മലയാളികളിൽ നിന്നും സംസ്ഥാനത്തേക്ക് എത്ര തുക പ്രതിവർഷം എത്തുന്നുണ്ട്;<br>(ബി) ഇതിൽ എത്ര തുക വീതം സംസ്ഥാനത്തിന്റെ വികസനത്തിനു വേണ്ടി തിരിച്ചുവിടാൻ കഴിയുന്നുണ്ട് ; | (എ) യും (ബി) യും വിവിധ കോമേഴ്സ്യൽ ബാങ്കുകളിലായി വിദേശ മലയാളികൾ 2006-ൽ 30,607/- കോടി രൂപയും 2007-ൽ 33,304/- കോടി രൂപയും നിക്ഷേപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കോമേഴ്സ്യൽ ബാങ്കുകളിലെ വായ്പാ-നിക്ഷേപ അനുപാതം 75% ആയിരുന്നു. |
| (സി) പ്രവാസി മലയാളികൾ അയയ്ക്കുന്ന തുക സംസ്ഥാനത്തിന്റെ വികസനത്തിനു വിനിയോഗിക്കുന്നതിനായി എന്തെല്ലാം പരിപാടികൾ നിലവിലുണ്ട്;<br>(ഡി) അതിലേക്കായി ഈ സർക്കാർ എന്തെല്ലാം പരിപാടികളാവിഷ്കരിച്ചു? | (സി) യും (ഡി) യും സംസ്ഥാനത്തെ വ്യാവസായിക പുരോഗതിക്ക് ആക്കം കൂട്ടുന്നതിനായി പ്രവാസി കേരളീയരുടെ സമ്പാദ്യവും പരിജ്ഞാനവും പ്രയോജനപ്പെടുത്തി അവർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ സഹായങ്ങൾ നോർക്ക-റൂട്ട്സ് വഴി നൽകിവരുന്നു, മാറുന്ന ലോക സാഹചര്യങ്ങൾ നേരിടുന്നതിനായി സംസ്ഥാനത്ത് നിലവിലുള്ള വിദ്യാഭ്യാസ പരമ്പരാഗത മുന്നോക്കാവസ്ഥ പ്രയോജനപ്പെടുത്തി അറിവിനും പരിശീലനത്തിനുമുള്ള ഉന്നത പ്രത്യേക കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും മാനവശേഷി സുതാര്യവും നിയമപരവുമായ രീതിയിൽ കൈമാറുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനും ഈ കമ്പനി വിഭാവനം ചെയ്യുന്നു. നോർക്ക-റൂട്ട്സിന്റെ 31.08.2007-ൽ കൂടിയ ഡയറക്ടർ ബോർഡ് യോഗത്തിൽ മറുനാടൻ കേരളീയരുടെ നിക്ഷേപം ഉപയോഗപ്പെടുത്തി ഒരു കമ്പനി രൂപീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. അടിസ്ഥാന സൗകര്യ വികസനം മാത്രമല്ല ഹൗസിംഗ് കോളനി, കൊമേഴ്സ്യൽ കോംപ്ല |

ക്സുകൾ, വ്യവസായ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ കലാ സാംസ്കാരിക പ്രോത്സാഹന കേന്ദ്രങ്ങൾ, അമ്യൂസ്മെന്റ് പാർക്കുകൾ പോലെയുള്ള കേന്ദ്രങ്ങൾ, ആരോഗ്യ പാലനകേന്ദ്രങ്ങൾ, പ്രായംചെന്നവർക്കും ബുദ്ധസ്ഥിരതയില്ലാത്തവർക്കുമുള്ള ഭവനങ്ങൾ, കാർഷിക വികസനപ്രവർത്തനങ്ങൾ, ഭക്ഷ്യ സംസ്ക്കരണം തുടങ്ങിയ മേഖലകളിലെല്ലാം വിദേശകേരളീയരുടെ മുഖ്യ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും വേണ്ടിയാണ് ഈ കമ്പനി. പ്രവാസി മലയാളികളുടെ നിക്ഷേപം കൂടി സമാഹരിച്ചുകൊണ്ട് കേരളത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാൻ ഇൻകെൽ എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 629     22/7/2008-ൽ മറുപടിക്ക്

## ശാസ്ത്രീയ മൃഗപരിപാലനം സംബന്ധിച്ച് പരിശീലനം നൽകുന്നതിന് പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.സി.രാജഗോപാലൻ<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി<br>ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.സി.ദിവാകരൻ(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) | ശാസ്ത്രീയമൃഗപരിപാലനം സംബന്ധിച്ച് പരിശീലനം നൽകുന്നതിന് മൃഗസംരക്ഷണ വകുപ്പിൽ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; | എ) | ''വികസനവും പരിശീലനവും '' എന്ന പദ്ധതി നിലവിലുണ്ട്. |
| ബി) | എങ്കിൽ ഇവിടെ നൽകുന്ന പരിശീലനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; | ബി) | വികസനവും പരിശീലനവും എന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ 6 മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ, ഒരു പൗൾട്രി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ കർഷകർക്കും വകുപ്പുദ്യോഗസ്ഥർക്കും പരിശീലനം നൽകി വരുന്നു. കർഷകർക്ക് പരിശീലനങ്ങളിലൂടെ (പശുപരിപാലനം, കോഴിവളർത്തൽ,മുയൽ വളർത്തൽ ,ആട് വളർത്തൽ തുടങ്ങിയ വിഷയങ്ങളിൽ) സാങ്കേതിക പരിജ്ഞാനം നൽകുന്നു. കൂടാതെ എല്ലാ ജില്ലകളിലും പരിശീലനം നൽകുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. |
| സി) | മൃഗസംരക്ഷണ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ ആധുനിക തലമുറയ്ക്കും കർഷകരിലും എത്തിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | സി) | സെമിനാർ,ചർച്ചാ ക്ളാസുകൾ, എക്സിബിഷൻ, ഹാന്റ്ബുക്സ്, വീഡിയോ സി.ഡി.കൾ തുടങ്ങിയ ആധുനിക സംവിധാനം ഉപയോഗിച്ച് ശാസ്ത്രീയമായ വിവരങ്ങൾ പകർന്നു നൽകുന്നുണ്ട്. |

| | |
|---|---|
| ഡി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട മേളകൾ എല്ലാ ജില്ലകളിലും സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) കർഷക സെമിനാറുകൾ,എക്സിബിഷനുകൾ, ക്വിസ് പ്രോഗ്രാമുകൾ, കർഷകരും ഉദ്യോഗസ്ഥരുമായി മുഖാമുഖ ചർച്ചകൾ എന്നിവ ഉൾപ്പെടെ മൂന്ന് മേഖലാ മേളകൾ, രണ്ട് ജില്ലാതല സെമിനാറുകൾ എന്നിവ ഈ വർഷം സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ